**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6340** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ മാച്ചിങ് ഷെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പദ്ധതിയുടെ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ ആയത് ദീർഘിപ്പിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനായി മാച്ചിങ് ഷെയർ ഇനത്തിൽ എത്ര തുക സംസ്ഥാനം നൽകേണ്ടതുണ്ടെന്നും പ്രസ്തുത തുക ഏത് രീതിയിൽ കണ്ടെത്തുമെന്നും വ്യക്തമാക്കുമോ; | (എ) | ജലജീവൻ മിഷൻ പദ്ധതി സംസ്ഥാനത്ത് പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതിയുടെ കാലാവധി 31-03-2025 വരെ കേന്ദ്ര സർക്കാർ ദീർഘിപ്പിച്ചിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിക്കായി ആകെ 45205.37 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 03-07-2024 വരെ ആകെ 9732.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം ജലജീവൻ മിഷൻ പദ്ധതിക്കായി ഇനിയും 35488.17 കോടി രൂപ ചെലവഴിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി ചെലവ് കേന്ദ്ര വിഹിതം 50%, സംസ്ഥാന വിഹിതം 25%, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം 15%, ഗുണഭോക്തൃവിഹിതം 10% എന്നീ അനുപാതത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) | മാച്ചിങ് ഷെയർ നൽകുന്നത് സംബന്ധിച്ച് സംസ്ഥാനം നിലപാട് വ്യക്തമാക്കാതെ പദ്ധതി മുന്നോട്ട് പോകില്ല എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. എന്നാൽ പദ്ധതി കാലാവധി 31-03-2025 വരെ ദീർഘിപ്പിച്ചുകൊണ്ടുള്ള അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ